# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1976 | 16/02/2016 ൽ മറുപടിക്ക് |
|---|---|

### വിജിലൻസ് കോടതിയിൽ ലഭിച്ച പൊതുതാല്പര്യ ഹർജിയിന്മേലുള്ള അന്വേഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.എ.ബേബി<br>ഡോ.ടി.എം.തോമസ് ഐസക്<br>ശ്രീ.പി.ടി.എ. റഹീം<br>ശ്രീ.റ്റി.വി.രാജേഷ് | | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കൈക്കൂലി കൈപ്പറ്റിയെന്ന് സോളാർ കമ്മീഷന് മുന്നിൽ ശ്രീമതി സരിത നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് കോടതിയിൽ വന്ന പൊതുതാല്പര്യ ഹർജിയിൽ മുഖ്യമന്ത്രിയ്ക്കും ഊർജ്ജവകുപ്പ് മന്ത്രിയ്ക്കും എതിരെ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്താൻ കോടതി ഉത്തരവിട്ടിരുന്നുവോ; | (എ) | അതെ |
| (ബി) | അന്വേഷണം പൂർത്തിയാക്കി ഏത് തീയതിക്ക് മുമ്പായി റിപ്പോർട്ട് ഹാജരാക്കാനായിരുന്നു നിർദ്ദേശം; അന്വേഷണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; അന്വേഷണം നടത്തുന്നത് ആരുടെ നേതൃത്വത്തിൽ ആരെല്ലാം അടങ്ങിയ സംഘമാണ്; അന്വേഷണത്തിന്റെ ഭാഗമായി ആരെയൊക്കെ ചോദ്യം ചെയ്യുകയുണ്ടായി; | (ബി) | 11/04/2016. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് നിലവിലുള്ളതിനാൽ അന്വേഷണം നടത്തേണ്ടിയിരുന്നില്ല. |
| (സി) | വിജിലൻസ് കോടതിയിലെ ഹർജിക്കാരന്റെ ആവശ്യങ്ങൾ എന്തെല്ലാമായിരുന്നു; വെളിപ്പെടുത്തലിനെ തുടർന്ന് വിജിലൻസ് സ്വന്തം നിലയിൽ തന്നെ കേസ് എടുത്ത് അന്വേഷണം നടത്താതിരുന്നത് എന്തുകൊണ്ടായിരുന്നു; വിജിലൻസ് കോടതിയുടെ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ; | (സി) | പരാതിയിൽ അന്വേഷണം നടത്തിയിട്ടില്ല. സർക്കാർ നിയോഗിച്ച സോളാർ കമ്മീഷന്റെ തെളിവെടുപ്പിൽ വിസ്തരിച്ചു കൊണ്ടിരുന്ന സാക്ഷിമൊഴിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് സ്വമേധയാ അന്വേഷിക്കാൻ അധികാരമില്ല. വിജിലൻസ് കോടതിയുടെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിൽ സമർപ്പിച്ച റിട്ട് ഹർജിയിൽ ഉണ്ടായ സ്റ്റേ നിലനിൽക്കുന്നു. |
| (ഡി) | കൈക്കൂലി കൈപ്പറ്റിയെന്ന ഹർജിക്കാരുടെ പരാതിയിന്മേൽ അന്വേഷണം പാടില്ലെന്ന് ഹൈക്കോടതി നിർദ്ദേശിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ? | (ഡി) | ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവിൽ വിജിലൻസ് കോടതിയുടെ ഉത്തരവിലെ നിർദ്ദേശം പ്രഥമദൃഷ്ട്യാ നിയമപരമല്ലെന്നു കണ്ട് രണ്ട്മാസത്തേക്ക്ടി ഉത്തരവ് സസ്പെന്റ് ചെയ്തിട്ടുള്ളതിനാൽ വിജിലൻസ് കോടതി ഉത്തരവിലെ നിർദ്ദേശം പരിഗണനാർഹമല്ല. |

സെക്ഷൻ ഓഫീസർ